മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഡിസംബർ 27

# വാർത്താക്കുറിപ്പ്

---

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എസ്.സി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (സി.എസ്.എസ്. - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്,സപ്ലിമെന്ററി - നവംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി നാല് മുതൽ നടത്തും.
..............................

രണ്ടാം സെമസ്റ്റർ ബി.എ. ഹിന്ദി ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ - മെഡൽ 2, സി.ബി.സി.എസ് (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020, 2019, 2018, 2017 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 11 ന് അതത് കോളജുകളിൽ നടക്കും.ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1779/2022)

## പരീക്ഷാ ഫലം

ഈ വർഷം ഏപ്രിലിൽ നടന്ന മൂന്നാം സെമസ്റ്റർ എം. എ ബിസിനസ് ഇക്കണോമിക്സ് ( സി.എസ്.എസ് -2020 അഡ്മിഷൻ റെഗുലർ ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു .പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും നിശ്ചിത ഫീസ് അടച്ച് ജനുവരി ഏഴ് വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

കഴിഞ്ഞഏപ്രിലിൽ നടന്ന മൂന്നാം സെമെസ്റ്റർ എം. എസ്. സി കമ്പ്യൂട്ടർ സയൻസ് ( റെഗുലർ/ സപ്പ്ളിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു .പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും നിശ്ചിത ഫീസ് അടച്ച് ജനുവരി 10 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

ഈ വർഷം ഏപ്രിലിൽ നടന്ന മൂന്നാം സെമെസ്റ്റർ എം. എസ്. സി ഓപ്പറേഷൻസ് റിസർച്ച് ആൻഡ് കമ്പ്യൂട്ടർ അപ്ലിക്കേഷൻസ് (2020 അഡ്മിഷൻ റെഗുലർ/2019 അഡ്മിഷൻ സപ്പ്ളിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു .പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസ് അടച്ച് ജനുവരി 10 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1780/2022)

## പാലിയേറ്റീവ് കെയർ; ഡിപ്ലോമ കോഴ്സ്

മഹാത്മാഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിൽ(ഐ.യു.സി.ഡി.എസ്.) പാലിയേറ്റീവ് കെയർ ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നു. പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ളവർക്കാണ് മൂന്നു മാസത്തെ കോഴ്സിൽ ചേരാൻ കഴിയുക. .ജനുവരിയിൽ ആരംഭിക്കുന്ന കോഴ്സിൽ ചേരുവാൻ താൽപര്യമുള്ളവർ iucdsmgu @mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യണം.

കൂടുതൽ വിവരങ്ങൾക്ക് 0481-2731580, 8547165178, 9746085144 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

(പി.ആർ.ഒ./39/1781/2022)

## സൗജന്യ പരീക്ഷാ പരിശീലനം

സംസ്ഥാന സഹകരണ പരീക്ഷാ ബോർഡ് നടത്തുന്ന ജൂനിയർ ക്ലാർക്ക് പരീക്ഷ എഴുതുന്നവർക്കായി മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ സംഘടിപ്പിക്കുന്ന സൗജന്യ പരിശീലന പരിപാടി ജനുവരി മൂന്നിന് ആരംഭിക്കും ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ 0481-2731025 എന്ന നമ്പറിൽ ബന്ധപ്പെടണം..

(പി.ആർ.ഒ./39/1782/2022)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ജനുവരി 20 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.പി.എഡ്. (2021 അഡ്മിഷൻ റഗുലർ, 2020,2019 അഡ്മിഷനുകൾ സപ്ലിമെന്ററി, 2015,2016,2017,2018 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ ജനുവരി അഞ്ചു വരെ അപേക്ഷ നൽകാം.
പിഴയോടെ ജനുവരി ആറിനും സൂപ്പർഫൈനോടെ ജനുവരി ഒൻപതു വരെയും അപേക്ഷ സ്വീകരിക്കും.
കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ

(പി.ആർ.ഒ./39/1783/2022)

## ഹ്രസ്വകാല പ്രോഗ്രാമുകൾക്ക് ജനുവരി 10 വരെ അപേക്ഷിക്കാം

ഡയറക്ടറേറ്റ് ഓഫ് അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് (ഡി.എ.എസ്.പി.) നടത്തുന്ന ഡിപ്ലോമ പ്രോഗ്രാമുകളായ ബേക്കറി ആന്റ് കോൺഫെക്ഷനറി, ഫുഡ് ആന്റ് ബിവറേജ് സർവീസ് ഓപ്പറേഷൻസ്, ലോജിസ്റ്റിക്സ് - സപ്ലൈ ചെയിൻ ആന്റ് പോർട്ട് മാനേജ്മെന്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ പ്രോഗ്രാമുകളായ ഡാറ്റാ ആന്റ് ബിസിനസ് അനലിറ്റിക്സ്, ഫുഡ് പ്രോസസിംഗ് ആന്റ് ക്വാളിറ്റി അഷ്വറൻസ് എന്നിവയ്ക്ക് 2023 ജനുവരി 10 വരെ അപേക്ഷ നൽകാം. പ്രായപരിധിയില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ(www.dasp.mgu.ac.in)

(പി.ആർ.ഒ./39/1784/2022)

പബ്ലിക് റിലേഷൻസ് ഓഫീസർ